2026
OCTOBER
23
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



# ഇന്ത്യ–ന്യൂസീലൻഡ് സ്വതന്ത്ര വ്യാപാരക്കരാർ പ്രാബല്യത്തിൽ

## 8284 ഇന്ത്യൻ ഉൽപന്നങ്ങൾക്ക് ഇനി തീരുവയില്ല

**ന്യൂദൽഹി:** ഇന്ത്യ-ന്യൂസീലൻഡ് സ്വതന്ത്ര വ്യാപാരക്കരാർ പ്രാബല്യത്തിൽ. ഇനി ഇന്ത്യയിൽനിന്നു കയറ്റിയയയ്ക്കുന്ന എല്ലാ ഉൽപന്നങ്ങളും (8284 ഇനങ്ങൾ) തീരുവരഹിതമാകും. ഇന്ത്യൻ ഉൽപന്നങ്ങൾക്കുമേൽ ഇതുവരെ ശരാശരി 2.2% തീരുവയാണ് ന്യൂസീലൻഡ് ചുമത്തിയിരുന്നത്. തുണിത്തരങ്ങൾ, സെറാമിക്സ്, ഓട്ടമൊബീൽ അടക്കം 450 ഇനങ്ങൾക്ക് 10% വരെ തീരുവ ഈടാക്കുന്നുണ്ട്.

പകരം, ന്യൂസീലൻഡിൽനിന്ന് ഇന്ത്യയിലേക്ക് എത്തുന്ന 70.03% ഇനങ്ങൾക്കും (മൊത്തം ഇറക്കുമതിമൂല്യത്തിന്റെ 95%) തീരുവ ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യും. ആപ്പിൾ, കിവിപ്പഴം, തേൻ തുടങ്ങിയവയ്ക്ക് ക്വോട്ട നിശ്ചയിച്ച് ഇറക്കുമതി അനുവദിക്കും.

ആപ്പിളിന് ആദ്യവർഷം ക്വോട്ട നിയന്ത്രണമില്ലെങ്കിലും രണ്ടാംവർഷം 35,000 ടൺ ആയി പരിമിതപ്പെടുത്തും. 3, 4, 5 വർഷങ്ങളിൽ യഥാക്രമം 37,500 ടൺ, 40,000 ടൺ, 42,500 ടൺ എന്നിങ്ങനെ ഉയരും. ആറാം വർഷം മുതൽ ഇത് 45,000 ടൺ ആയിരിക്കും.

ന്യൂസീലൻഡ് ഉൽപന്നങ്ങൾക്ക് ഇന്ത്യ ചുമത്തുന്ന ശരാശരി തീരുവ 16.2 ശതമാനമായിരുന്നത് ഘട്ടംഘട്ടമായി 9.06 ശതമാനമാകും.

കരാർ വഴി പ്രതിവർഷം 1667 ഇന്ത്യക്കാർക്ക് 3 വർഷത്തെ താൽക്കാലിക തൊഴിൽ വിസ ലഭിക്കും. 1446 വീസകൾ ന്യൂസീലൻഡിൽ ജീവനക്കാരെ കൂടുതൽ ആവശ്യമുള്ള 13 സ്കിൽഡ് മേഖലകളിലായിരിക്കും (ഉദാ: മെഡിക്കൽ, എൻജിനീയറിങ്, നിർമാണമേഖല തുടങ്ങിയവ). ബാക്കി 500 എണ്ണം യോഗ അധ്യാപകർ, സംഗീതജ്ഞർ, ഷെഫുമാർ, ആയുർവേദ പ്രാക്ടീഷനർമാർ തുടങ്ങിയവർക്കായിരിക്കും. ഏതുസമയത്തും ഇത്തരം വിസകളുടെ പരമാവധി എണ്ണം 5000 ആയിരിക്കും.

# ഇന്ത്യയിൽ ആപ്പിളിന്റെ വരുമാനം ഒരു ലക്ഷം കോടി കടന്നു, ലാഭം ഉയർന്നത് 66 ശതമാനം

**ന്യൂദൽഹി:** ഇന്ത്യൻ വിപണിയിൽ ആപ്പിൾ ഉൽപ്പന്നങ്ങൾക്കുള്ള സ്വീകാര്യത വർധിക്കുന്നു. 2026 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ ഇന്ത്യയിലെ ആപ്പിളിന്റെ വരുമാനം ആദ്യമായി ഒരുലക്ഷം കോടി രൂപ കടന്നു. ഐഫോൺ ഉൾപ്പെടെയുള്ള പ്രീമിയം ഉൽപ്പന്നങ്ങൾക്കുള്ള വർധിച്ച ആവശ്യമാണ് കമ്പനിയുടെ വളർച്ചയ്ക്ക് പ്രധാന കരുത്തായത്. വരുമാനത്തിനൊപ്പം ലാഭത്തിലും കമ്പനി വലിയ മുന്നേറ്റം രേഖപ്പെടുത്തി.സാമ്പത്തികം പഠിക്കുക

കമ്പനീസ് രജിസ്ട്രാർക്ക് സമർപ്പിച്ച സാമ്പത്തിക രേഖകൾ പ്രകാരം, 2025-26 സാമ്പത്തിക വർഷത്തിൽ ഇന്ത്യയിലെ ആപ്പിളിന്റെ പ്രവർത്തന വരുമാനം 31% വർധിച്ച് 1,03,853 കോടി രൂപയായി. മുൻ സാമ്പത്തിക വർഷത്തിൽ ഇത് 79,060 കോടി രൂപയായിരുന്നു. ലാഭം 66% ഉയർന്ന് 5,311 കോടി രൂപയിലെത്തി.

2024-25 സാമ്പത്തിക വർഷത്തിൽ 3,196 കോടി രൂപയായിരുന്നു കമ്പനിയുടെ ലാഭം. അന്ന് ലാഭവളർച്ച 16% മാത്രമായിരുന്നു. വരുമാനത്തേക്കാൾ വേഗത്തിൽ ലാഭം ഉയർന്നത് ഇന്ത്യൻ വിപണിയിൽ ആപ്പിളിന്റെ ബിസിനസ് കൂടുതൽ ശക്തമാകുന്നതിന്റെ സൂചനയാണ്. സാമ്പത്തിക കണക്കുകൾ ആദ്യം പുറത്തുവിട്ടത് ഇക്കണോമിക് ടൈംസാണ്.

അതേസമയം, ആപ്പിളിന്റെ പ്രധാന എതിരാളിയായ സാംസങ്ങിന്റെ മൊബൈൽ ഫോൺ വരുമാനത്തിൽ നേരിയ ഇടിവുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സാംസങ്ങിന്റെ ഫോൺ വരുമാനം 1.4% കുറഞ്ഞ് 81,472 കോടി രൂപയായി. എന്നാൽ സ്മാർട്ട്ഫോണുകൾക്ക് പുറമെ ടെലിവിഷനുകൾ, ഗൃഹോപകരണങ്ങൾ തുടങ്ങിയ ഉൽപ്പന്നങ്ങളും സാംസങ് ഇന്ത്യയിൽ വിൽക്കുന്നുണ്ടെന്നത് ശ്രദ്ധേയമാണ്.

മെമ്മറി, റാം ചിപ്പുകളുടെ ക്ഷാമം മൂലം സ്മാർട്ട്ഫോൺ വിപണിയിൽ വില വർധിക്കുന്ന സാഹചര്യത്തിലാണ് ആപ്പിളിന്റെ ഈ നേട്ടം. കൗണ്ടർപോയിന്റ് റിസർച്ചിന്റെ കണക്കുകൾ പ്രകാരം, 202526 സാമ്പത്തിക വർഷത്തിൽ ഇന്ത്യൻ സ്മാർട്ട്ഫോൺ വിപണിയിൽ വിൽപ്പനയുടെ എണ്ണത്തിൽ 2% വളർച്ചയും വിപണി മൂല്യത്തിൽ 9% വളർച്ചയുമുണ്ടായി.

30,000 രൂപയ്ക്കു മുകളിൽ വിലയുള്ള ഫോണുകൾ ഉൾപ്പെടുന്ന പ്രീമിയം വിഭാഗത്തിൽ വിൽപ്പനയുടെ എണ്ണത്തിൽ 12% വർധന രേഖപ്പെടുത്തി. ആപ്പിളിന്റെ വിൽപ്പന വളർച്ച 202425 സാമ്പത്തിക വർഷത്തിലെ 11%ത്തിൽനിന്ന് 2025-26ൽ 24%മായി ഉയർന്നതായും റിപ്പോർട്ടുകളുണ്ട്.

ഇന്ത്യയിലെ ചെറുപട്ടണങ്ങളിലേക്കുള്ള റീട്ടെയിൽ ശൃംഖലയുടെ വ്യാപനം ആപ്പിളിന് നേട്ടമായി. പ്രമുഖ നഗരങ്ങൾക്കപ്പുറത്തേക്കും ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിലൂടെ കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്താൻ കമ്പനിക്ക് സാധിച്ചു.

# ആഗോള കണ്ടെയ്നർ ചരക്കുകൂലിയിലുണ്ടായത് 130% വർധന

**ദുബായ്:** പശ്ചിമേഷ്യയിൽ വീണ്ടും ഉടലെടുത്ത സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ആഗോള കണ്ടെയ്നർ ചരക്കുകൂലി നിരക്കുകളിൽ ഉണ്ടായത് വൻ വർധന. 2026 ഫെബ്രുവരി മുതൽ ഇതുവരെ ചരക്കുകൂലിയിൽ 130 ശതമാനം വർധന രേഖപ്പെടുത്തിയതായി ആഗോള സാമ്പത്തിക സേവന സ്ഥാപനമായ ജെഫ്രീസ് പുറത്തുവിട്ട റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. ഇന്ത്യയുടെ കണ്ടെയ്നർ അധിഷ്ഠിത കയറ്റുമതിഇറക്കുമതി വ്യാപാരം ശക്തമായ വളർച്ച കൈവരിക്കുന്ന വേളയിലാണ് നിരക്ക് വർധന വലിയ വെല്ലുവിളിയാകുന്നത്.




സൂയസ് കനാൽ പാതയും വിപണിയിലെ അനിശ്ചിതത്വവും

സംഘർഷങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ഷിപ്പിംഗ് ലൈനുകൾ സൂയസ് കനാൽ വഴിയുള്ള സർവീസുകളിലേക്ക് തിരികെ എത്താനുള്ള സാധ്യത പ്രധാനം തന്നെയാണ്. കപ്പലുകൾ പാത മാറ്റുന്നത് നിരക്കുകളിൽ വലിയ മാറ്റങ്ങൾ വരുത്തുമെന്നതിനാൽ, സൂയസ് കനാലിലൂടെയുള്ള സർവീസുകൾ പുനരാരംഭിക്കുന്നത് ആഗോള ചരക്കുനീക്കത്തിൽ നിർണായക ഘടകമായിരിക്കും.സാമ്പത്തികം പഠിക്കുക




സെപ്റ്റംബർ മാസത്തിൽ ഇന്ത്യയുടെ കണ്ടെയ്നർ കയറ്റുമതിഇറക്കുമതി മേഖല മികച്ച വളർച്ചയാണ് രേഖപ്പെടുത്തിയത്. വാർഷികാടിസ്ഥാനത്തിൽ ഈ മേഖലയിലെ വ്യാപാര മൂല്യം 23 ശതമാനം വർധിച്ചു. ഇതിൽ കയറ്റുമതിയിൽ 22 ശതമാനവും ഇറക്കുമതിയിൽ 23 ശതമാനവും വളർച്ചയുണ്ടായി.

അമേരിക്കയിലേക്കുള്ള ഇന്ത്യയുടെ കയറ്റുമതി സെപ്റ്റംബറിൽ 48 ശതമാനം വർധിച്ചു എന്നത് ശ്രദ്ധേയമാണ്. എന്നാൽ, യു.എ.ഇ , സൗദി അറേബ്യ എന്നീ രാജ്യങ്ങളിലേക്കുള്ള കയറ്റുമതിയിൽ ഇടിവ് രേഖപ്പെടുത്തി.

ഇന്ത്യയിലെ പ്രമുഖ നോൺ മേജർ പോർട്ടുകളിൽ ഗുജറാത്തിലെ തുറമുഖങ്ങൾ മൂന്ന് ശതമാനം വളർച്ച കൈവരിച്ചപ്പോൾ മഹാരാഷ്ട്ര, തമിഴ്നാട് എന്നിവിടങ്ങളിലെ തുറമുഖങ്ങൾ 6 മുതൽ 7 ശതമാനം വരെ വളർച്ച നേടി. എന്നാൽ ഇന്ത്യയുടെ കിഴക്കൻ തീരത്തുള്ള പ്രധാന, ഇതര തുറമുഖങ്ങളിൽ ചരക്കുനീക്കത്തിൽ വലിയ ഇടിവ് സംഭവിച്ചതായും ജെഫ്രീസ് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

ചരക്കുകൂലിയിലുണ്ടാകുന്ന വർധന ഇന്ത്യൻ കയറ്റുമതിക്കാരുടെ ലാഭമാർജിനെ ബാധിച്ചേക്കാം. പ്രത്യേകിച്ച് കേരളത്തിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങൾ, കടൽവിഭവങ്ങൾ, തോട്ടം വിളകൾ എന്നിവയുടെ കയറ്റുമതിച്ചെലവ് ഉയരാൻ ഇത് കാരണമാകും.

സൂയസ് കനാൽ പാതയിലെ അനിശ്ചിതത്വം നീളുകയാണെങ്കിൽ വരും മാസങ്ങളിൽ ഉൽപന്ന വിതരണ ശൃംഖലയിൽ കാലതാമസവും ചെലവു കൂടുന്നതും തുടരാനാണ് സാധ്യത.

# ലേബർ കോഡ്: പ്രത്യേക സമിതി രൂപീകരിക്കും

**തിരുവനന്തപുരം:** ലേബർ കോഡ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി പരിശോധിച്ച് ആവശ്യമായ നിർദേശം സമർപ്പിക്കുന്നതിന് തൊഴിലാളി യൂണിയൻ പ്രതിനിധികൾ ഉൾപ്പെട്ട സമിതി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചു. മുഖ്യമന്ത്രി വി.ഡി. സതീശന്റെ അധ്യക്ഷതയിൽ സെക്രട്ടറിയേറ്റിൽ നടന്ന യോഗത്തിലാണ് തീരുമാനം. തൊഴിൽ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണയുടെ സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ 22 ട്രേഡ് യൂണിയൻ ഭാരവാഹികൾ പങ്കെടുത്തു.

ലേബർ കോഡിന്റെ അനുബന്ധമായി സംസ്ഥാന ചട്ടങ്ങൾ രൂപകരിക്കുന്നതിലേക്ക് ആവശ്യമായ പ്രായോഗിക നിർദേശം സമർപ്പിക്കുകയാണ് കമ്മിറ്റിയുടെ ചുമതല. തൊഴിൽ വകുപ്പ് സെക്രട്ടറി കൺവീനറായും നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി അംഗമായും പ്രവർത്തിക്കുന്ന കമ്മിറ്റിയിൽ വിവിധ തൊഴിലാളി യൂണിയനുകളിൽനിന്നുള്ള ഏഴ് പ്രതിനിധികളും തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരും ഉണ്ടാകും. സമിതി രൂപീകരിച്ച് 10 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം.

എല്ലാ വിഭാഗങ്ങളുടെയും അഭിപ്രായങ്ങൾ കേൾക്കുകയും നിയമപരമായവ പരിഗണിക്കുകയും ചെയ്തശേഷം മാത്രമേ ലേബർ കോഡ് നടപ്പാക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുകയുള്ളൂവെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ യോഗത്തിൽ വ്യക്തമാക്കി. നിയമപരമായ പരിധിക്കുള്ളിൽനിന്ന്

കൊണ്ട് ലേബർ കോഡിന്റെ ആഘാതം കുറച്ച് തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന നടപടികൾ സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. കേരളം രൂപീകരിക്കുന്ന ലേബർ ചട്ടങ്ങൾ രാജ്യത്തിന് മാതൃകയാകണമെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

ലേബർ കോഡിൽ തൊഴിലാളികളുടെ പരിധി നിർണയിച്ചിരിക്കുന്നതുമായി ബന്ധപ്പെട്ട ആശങ്ക കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തും. പരിധി കുറയ്ക്കണമെന്ന ആവശ്യവും കേന്ദ്രത്തിനു മുന്നിൽ ഉന്നയിക്കാൻ തീരുമാനിച്ചു. തൊഴിലാളികളുടെ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നും മുഖ്യമന്ത്രി ഉറപ്പു നൽകി.

ലേബർ കോഡ് നടപ്പാക്കുന്നതിന്റെ പ്രാധാന്യവും അദ്ദേഹം വിശദീകരിച്ചു. 2021ൽ തയ്യാറാക്കിയ ഡ്രാഫ്റ്റിൽ ആവശ്യമായ ഭേദഗതി നിർദേശിക്കുന്നതിന് തൊഴിലാളി യൂണിയനുകൾക്ക് അവസരം നൽകും. പ്രത്യേക കമ്മിറ്റി തയ്യാറാക്കുന്ന കരട് നിർദേശങ്ങൾ എല്ലാ ട്രേഡ് യൂണിയനുകൾക്കും കൈമാറും.



# മികച്ച കായിക സംസ്കാരം വളർത്തിയെടുക്കണമെന്ന് മന്ത്രി എൻ ഷംസുദ്ദീൻ

**തിരുവനന്തപുരം:** നല്ല ആരോഗ്യമുള്ള മനസ്സും ശരീരവും ഉണ്ടെങ്കിലേ നന്നായി പഠിക്കാനും നേട്ടങ്ങൾ കൈവരിക്കാനുമാകൂ എന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ ഷംസുദ്ദീൻ. കായിക ക്ഷമത ഉറപ്പാക്കാൻ മികച്ച കായിക സംസ്കാരം വളർത്തിയെടുക്കണമെന്നും മന്ത്രി പറഞ്ഞു. അറുപത്തിയെട്ടാമത് സംസ്ഥാന സ്കൂൾ കായികമേളയുടെ സ്വർണക്കപ്പ് പര്യടന യാത്ര തിരുവനന്തപുരം പട്ടം ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ ഫ്ളാഗ് ഓഫ് ചെയ്യുകയായിരുന്നു ഷംസുദ്ദീൻ.

കുട്ടികളുടെ പഠനത്തിലും ജീവിതത്തിലും കായികക്ഷമത ഒരുപോലെ അത്യാവശ്യമാണ്. സ്കൂളുകളിൽ കായിക പരിശീലനം ശക്തമാക്കുന്നതിന്റെ ഭാഗമായി മുൻപ് 500 കുട്ടികളുണ്ടെങ്കിൽ മാത്രം അനുവദിച്ചിരുന്ന കായിക അധ്യാപക തസ്തിക ഇനി മുതൽ 300 കുട്ടികളുള്ള സ്കൂളുകളിലും ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ സ്കൂളുകളിലും കായിക അധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിനായി പ്രത്യേക പഠന കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കായികമേളകളിൽ ഉത്തേജക മരുന്നുകളുടെ ഉപയോഗം, പ്രായത്തിൽ തിരിമറി നടത്തൽ തുടങ്ങിയവ കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്നും ഷംസുദ്ദീൻ വ്യക്തമാക്കി.സ്വർണക്കപ്പ് മന്ത്രി എൻ ഷംസുദ്ദീൻ, ഡയറക്ടർ അരുൺ കെ വിജയന് കൈമാറി. സ്വർണക്കപ്പ് പര്യടന യാത്രയുടെ ഫ്ലാഗ്ഓഫും മന്ത്രി നിർവഹിച്ചു. സ്കൂൾ പിടിഎ പ്രസിഡന്റ് ബോസ് വൈ എസ് അധ്യക്ഷനായ ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് അഡിഷണൽ ഡയറക്ടർ ഷിബു ആർ എസ്, വിദ്യാഭ്യാസ ഉപഡയറക്ടർ കെ ശിവദാസൻ, ഡെപ്യൂട്ടി ഡയറക്ടർ ബിജു ആർ, സ്കൂൾ പ്രിൻസിപ്പാൾ ലൈലാസ് തുടങ്ങിയവർ സന്നിഹിതരായി.

ഒക്ടോബർ 25 മുതൽ 31 വരെ കോഴിക്കോടാണ് സംസ്ഥാന സ്കൂൾ കായികമേള നടക്കുന്നത്. കായികമേളയിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് നൽകുന്ന മുഖ്യമന്ത്രിയുടെ സ്വർണക്കപ്പ് വിവിധ ജില്ലകളിലെ സ്കൂളുകളിൽ നിന്നും സ്വീകരണം ഏറ്റുവാങ്ങി 25 ന് കോഴിക്കോടെത്തും. 117.5 പവനിലുള്ളതാണ് മുഖ്യമന്ത്രിയുടെ പേരിലുള്ള സ്വർണക്കപ്പ്. ദീപശിഖ പ്രയാണം വെള്ളിയാഴ്ച കാസർഗോഡ് നിന്നും ആരംഭിക്കും.

# കേരളപുരസ്കാരങ്ങൾ സമർപ്പിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്തിന്റെ പരമോന്നത പുരസ്കാരമായ കേരളപുരസ്കാരങ്ങൾ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സമർപ്പിച്ചു. മുഖ്യമന്ത്രി വി.ഡി. സതീശന്റെ അധ്യക്ഷതയിൽ ലോക്ഭവനിൽ നടന്ന ചടങ്ങിലായിരുന്നു പുരസ്കാര സമർപ്പണം.




ഡോ. എം.ആർ രാഘവവാര്യർ (വിദ്യാഭ്യാസം) കേരള ജ്യോതി പുരസ്കാരവും പി.ബി അനീഷ് (കൃഷി), രാജശ്രീ വാര്യർ (കല) കേരള പ്രഭ പുരസ്കാരവും ഷഹൽ ഹസൻ മുസലിയാർ (വിദ്യാഭ്യാസം), എം.കെ വിമൽ ഗോവിന്ദ് (സ്റ്റാർട്ടപ്പ്), ജിലുമോൾ മാരിയറ്റ് തോമസ് (വിവിധ മേഖലകൾ), അഭിലാഷ് ടോമി (കായികം) കേരള ശ്രീ പുരസ്കാരവും ഏറ്റുവാങ്ങി.

ചീഫ് സെക്രട്ടറി ഇൻ ചാർജ് മിൻഹാജ് ആലം പുരസ്കാര ജേതാക്കളെ പരിചയപ്പെടുത്തി. നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മന്ത്രിമാരായ സണ്ണി ജോസഫ്, ബിന്ദു കൃഷ്ണ, എം ലിജു, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ സന്നിഹിതരായി.



# ക്രാഫ്റ്റ്സ് വില്ലേജ് കലാകാരന്മാർക്ക് ദേശീയതലത്തിൽ അഭിമാനനേട്ടം

## കേരളത്തിൽ നിന്ന് നേട്ടം കൈവരിക്കുന്ന ആദ്യ വനിതയായി ആശ

**കോവളം/തിരുവനന്തപുരം:** പരമ്പരാഗത കരകൗശല മേഖലയിലെ മികവിനും സർഗാത്മകതയ്ക്കുമുള്ള ദേശീയ അംഗീകാരമായി 2025ലെ ശിൽപഗുരു, ദേശീയ അവാർഡുകൾ പ്രഖ്യാപിച്ചപ്പോൾ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിലെ കലാകാരന്മാർക്ക് അഭിമാനേനട്ടം. കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയത്തിന് കീഴിലുള്ള ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കമ്മീഷണർ ആണ് ഈ പുരസ്കാരം നൽകുന്നത്. നാളികേരച്ചകിരി ഉപയോഗിച്ചുള്ള ശിൽപനിർമാണത്തിൽ തിരുവനന്തപുരം കോവളം സ്വദേശിയായ എ. പ്രതാപ് ശിൽപഗുരു പുരസ്കാരവും (മൂന്ന് ലക്ഷം രൂപയും 20 ഗ്രാം സ്വർണവും അടങ്ങുന്നതാണ് ശിൽപഗുരു പുരസ്കാരം) പേപ്പർ ക്വില്ലിങ് വിഭാഗത്തിൽ തിരുവനന്തപുരം കോവളം സ്വദേശിയായ ആശ ജി. കൃഷ്ണ ദേശീയ പുരസ്കാരവും (രണ്ട് ലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം) കരസ്ഥമാക്കി. കേരളത്തിന്റെ പരമ്പരാഗത കരകൗശല പൈതൃകത്തിന് ദേശിയ തലത്തിൽ കൂടുതൽ ശ്രദ്ധ നേടിക്കൊടുക്കുന്നതാണ് ഈ നേട്ടം.

പേപ്പർ ക്വില്ലിങ് വിഭാഗത്തിൽ ദേശീയ അവാർഡ് നേടിയ ആശ ജി. കൃഷ്ണ കേരളത്തിൽ നിന്ന് ഈ വിഭാഗത്തിൽ പുരസ്കാരം നേടുന്ന ആദ്യ വനിതയെന്ന നേട്ടവും സ്വന്തമാക്കി. പേപ്പർ ക്വില്ലിങ് വിദ്യ ഉപയോഗിച്ച് നിർമിച്ച കഥകളി രൂപത്തിനാണ് ആശയ്ക്ക് പുരസ്കാരം ലഭിച്ചത്. ഏകദേശം എട്ടര അടി ഉയരവും 6 അടി വീതിയുമുള്ള ഈ കലാസൃഷ്ടി പൂർത്തിയാക്കാൻ രണ്ടര വർഷമെടുത്തുവെന്ന് ആശ പറഞ്ഞു. കടലാസിന്റെ നേർത്ത ചുരുളുകളെ സൂക്ഷ്മതയോടെയും ക്ഷമയോടെയും ക്രമീകരിച്ച് കേരളത്തിന്റെ തനത് കലാരൂപമായ കഥകളിയെ ആവിഷ്കരിച്ച സൃഷ്ടി ആശയുടെ കലാസമർപ്പണത്തിന്റെയും വൈധക്ത്യത്തിന്റെയും തെളിവാണ് . പേപ്പർ ക്വില്ലിങ് പോലുള്ള കലാരീതികളിലൂടെ കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെ പുതിയ ആവിഷ്കാരങ്ങളിലൂടെ അവതരിപ്പിക്കാമെന്നതിന്റെ ഉദാഹരണം കൂടിയാണ് ഈ നേട്ടം.

നാളികേരചകിരി ഉപയോഗിച്ച് അഞ്ചടി നീളത്തിലും മൂന്നടി ഉയരത്തിലുമായി രൂപകൽപ്പന ചെയ്ത ഡ്രാഗൺ ശിൽപത്തിനാണ് എ. പതാപിന് ശിൽപഗുരു പുരസ്കാരം ലഭിച്ചത്. പകൃതിദത്തമായ ചകിരിയെ സൂക്ഷ്മമായ കലാവൈധ്യത്തിലൂടെ മേനോഹരമായ ശിൽപമാക്കി മാറ്റിയ സൃഷ്ടിപൂർത്തിയാക്കാൻ രണ്ടര മാസമെടുത്തു. നാളികേരച്ചകിരി പ്രകൃതിദത്ത വസ്തുക്കളുടെ സാധ്യതകളെ പ്രയോജനപ്പെടുത്തി പരമ്പരാഗത കരകൗശല വിദ്യയെ കലാപരമായ മികവിലേക്ക് ഉയർത്തുന്നതാണ് പ്രതാപിന്റെ സൃഷ്ടി. 1994ലും 2012ലും ദേശീയ അവാർഡ് നേടിയിട്ടുള്ള പ്രതാപിന് ഇത് പുരസ്കാരങ്ങളുടെ തുടർച്ചയാണ്. രാഷ്ട്രപതിയിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങുന്നുവെന്നത് ഏറെ അഭിമാനത്തോടെ കാത്തിരിക്കുന്ന മുഹൂർത്തമാണെന്ന് പ്രതാപ് പറഞ്ഞു. കേരളത്തിന്റെ തനത് കരകൗശല പാരമ്പര്യത്തെ സംരക്ഷിക്കുകയും സമകാലിക കലാസങ്കൽപ്പങ്ങളുമായി കൂട്ടിയിണക്കി മുന്നോട്ടുകൊടുപോകുകയും ചെയ്യുന്ന കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വിലേജിന്റെ പ്രവർത്തനങ്ങൾക്ക് ഈ നേട്ടങ്ങൾ കൂടുതൽ കരുത്തേകും. കലാകാരന്മാരുടെ കഴിവുകൾക്ക് ദേശിയതലത്തിൽ അംഗീകാരം ലഭ്യമാക്കുന്നത് പരമ്പരാഗത കരകൗശലവിദ്യകളുടെ സാധ്യതകളും മൂല്യവും പുതുതലമുറയ്ക്ക് പരിചയെപ്പടുത്തുന്നതിന് പ്രചോദനമാകുമെന്ന് ക്രാഫ്റ്റ്സ് വിലേജ് ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ടി.യു ശ്രീപ്രസാദ് പറഞ്ഞു.



# ഓൾ കേരള ബ്ലൈൻഡ് ക്രിക്കറ്റ് ടൂർണമെന്റ് രണ്ടാം ഘട്ടം സംഘടിപ്പിച്ചു

**കോട്ടയം:** ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് ഇൻ കേരളയുടെ (സി എ ബി കെ) യുടെ ആഭിമുഖ്യത്തിൽ കെ.എഫ്.ബി ടൈഗേഴ്സ് കോട്ടയവുമായി സഹകരിച്ച് സംഘടിപ്പിച്ച ഓൾ കേരള ബ്ലൈൻഡ് ക്രിക്കറ്റ് ടൂർണമെന്റിന്റെ രണ്ടാം ഘട്ട മത്സരങ്ങൾ കോട്ടയം മെഡിക്കൽ കോളേജ് ഗ്രൗണ്ടിൽ നടന്നു. അതിരമ്പുഴ ഡിവിഷൻ ജില്ലാ പഞ്ചായത്ത് അംഗം ജിം അലക്സ് കണ്ണ് കെട്ടി ബാറ്റ് ചെയ്താണ് ടൂർണമെന്റ് ഉദ്ഘാടനം ചെയ്തത്.

ആദ്യ മത്സരത്തിൽ കെ.എഫ്.ബി ടൈഗേഴ്സ് കോട്ടയത്തെ 7 വിക്കറ്റുകൾക്ക് മലബാർ ടസ്കേഴ്സ് പരാജയപ്പെടുത്തി. 29 പന്തിൽ 41 റൺസ് നേടിയ മലബാർ ടസ്കേഴ്സിന്റെ മുഹമ്മദ് ഫർഹാനാണ് പ്ലെയർ ഓഫ് ദി മാച്ച്. രണ്ടാം മത്സരത്തിൽ കെ.എഫ്.ബി ടൈഗേഴ്സ് കോട്ടയം 10 റൺസിന് സ്പാർട്ടൻസ് പാലക്കാടിനെ പരാജയപ്പെടുത്തി. മത്സരത്തിൽ ഓൾറൗണ്ട് പ്രകടനം കാഴ്ചവെച്ച കെ.എഫ്.ബി ടൈഗേഴ്സിന്റെ അജേഷാണ് പ്ലെയർ ഓഫ് ദി മാച്ച് പുരസ്കാരം നേടിയത്. ചടങ്ങിൽ സി എ ബി കെ ചീഫ് ബിസിനസ് ഡെവലപ്മെന്റ് ഓഫീസർ മുഹമ്മദ് റഷാദ്, കെ.എഫ്.ബി ടൈഗേഴ്സ് കോട്ടയം പ്രതിനിധികളായ സജി മാർക്കോസ്, ടോമി ജോസഫ് എന്നിവർ സംസാരിച്ചു. കാഴ്ചപരിമിതരായ ക്രിക്കറ്റ് താരങ്ങൾക്ക് കൂടുതൽ മത്സരപരിചയവും അവസരങ്ങളും നൽകുക, ജില്ലാതല പങ്കാളിത്തം ശക്തമാക്കുക, ബ്ലൈൻഡ് ക്രിക്കറ്റിന്റെ പ്രചാരം സംസ്ഥാന മൊട്ടാകെ വ്യാപിപ്പിക്കുക എന്നിവയാണ് ടൂർണമെന്റിലൂടെ സി എ ബി കെ ലക്ഷ്യമിടുന്നത്.

# കളർകോട് ഗവ. എൽപി സ്കൂളിൽ സ്മാർട് ക്ലാസ് മുറി ഉദ്ഘാടനം ചെയ്തു

**ആലപ്പുഴ:** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ (എസ്ബിഐ) കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സിഎസ്ആർ) പദ്ധതിയുടെ ഭാഗമായി കളർകോട് ഗവ. എൽപി സ്കൂളിൽ 5 ലക്ഷം രൂപ ചെലവഴിച്ച് ഒരുക്കിയ സ്മാർട് ക്ലാസ് മുറി ഉദ്ഘാടനം ചെയ്തു. ഇന്ററാക്ടീവ് പാനലുകൾ, യുപിഎസ്, ലാപ്ടോപ്, ട്രോളി തുടങ്ങിയ ഉപകരണങ്ങളാണ് സ്മാർട് ക്ലാസ് മുറിയിലേക്ക് നൽകിയത്. സ്കൂളിൽ നടന്ന ചടങ്ങിൽ സ്കൂൾ ഹെഡ്മിസ്ട്രസ് പി.പി.ശാലിനി സ്വാഗതം പറഞ്ഞു. എസ്ബിഐ റീജിയണൽ മാനേജർ ടി.വി.മനോജ് കുട്ടികൾക്ക് ഉപകരണങ്ങൾ കൈമാറി. ചീഫ് മാനേജർ വിഷ്ണു പി. നായിക്, എച്ച് ആർ മാനേജർ എസ്.ശ്രീരാജ്, കളർകോട് ബ്രാഞ്ച് മാനേജർ എച്ച്.ഹർഷ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# ആറാഴ്ചയിലേറെ ചൊറിച്ചിലും തടിപ്പും ആവർത്തിച്ചാൽ ശ്രദ്ധിക്കണം; ക്രോണിക് അർട്ടിക്കേരിയയാകാം

**കൊച്ചി:** ശരീരത്തിൽ ആവർത്തിച്ചുണ്ടാകുന്ന ചൊറിച്ചിലും തടിപ്പും എല്ലായ്പ്പോഴും അലർജി മൂലമാകണമെന്നില്ലെന്നും, ആറാഴ്ചയിലേറെ ഇത്തരം ലക്ഷണങ്ങൾ തുടരുകയോ ആവർത്തിക്കുകയോ ചെയ്യുന്ന സാഹചര്യത്തിൽ ക്രോണിക് സ്പോണ്ടേനിയസ് അർട്ടിക്കേരിയ (സി എസ് യു ) എന്ന അവസ്ഥയുടെ സാധ്യത പരിഗണിക്കണമെന്നും കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ ഡെർമറ്റോളജി വിഭാഗം പ്രൊഫസർ ഡോ. സൗമ്യ ജഗദീശൻ പറഞ്ഞു.

'ആവർത്തിച്ചുള്ള ചൊറിച്ചിലും തടിപ്പും പലപ്പോഴും അലർജിയാണെന്ന് അനുമാനിക്കപ്പെടുന്നു. എന്നാൽ രണ്ടും എല്ലായ്പ്പോഴും ഒരുപോലെയല്ല. വ്യക്തമായ കാരണങ്ങളില്ലാതെ രോഗലക്ഷണങ്ങൾ തുടരുകയോ മടങ്ങിവരികയോ ചെയ്യുമ്പോൾ ക്രോണിക് സ്പോണ്ടേനിയസ് അർട്ടിക്കേരിയ ആണെന്ന് പരിഗണിക്കേണ്ടത് പ്രധാനമാണ്,' എന്ന് ഡോ. സൗമ്യ ജഗദീശൻ പറഞ്ഞു.

സി എസ് യു വിൽ ഓരോ തടിപ്പും സാധാരണയായി 24 മണിക്കൂറിനുള്ളിൽ അപ്രത്യക്ഷമാകുമെങ്കിലും ശരീരത്തിന്റെ മറ്റു ഭാഗങ്ങളിൽ പുതിയ തടിപ്പുകൾ പ്രത്യക്ഷപ്പെടാം. ഭക്ഷണം, മരുന്നുകൾ, ചർമ്മസംരക്ഷണ ഉൽപ്പന്നങ്ങൾ എന്നിവ ഒഴിവാക്കുന്നതുകൊണ്ട് എല്ലാ സാഹചര്യങ്ങളിലും ലക്ഷണങ്ങൾ മാറണമെന്നില്ല. ചില ഘടകങ്ങൾ രോഗലക്ഷണങ്ങൾ വഷളാക്കാമെങ്കിലും അവയാണ് രോഗത്തിന്റെ യഥാർഥ കാരണമെന്ന് ഉറപ്പിക്കാനാവില്ല.

തുടർച്ചയായ ചൊറിച്ചിൽ ഉറക്കക്കുറവ്, പകൽസമയത്തെ ക്ഷീണം, ദൈനംദിന പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ബുദ്ധിമുട്ട് എന്നിവയ്ക്കും കാരണമാകാം. രോഗലക്ഷണങ്ങളുടെ ദൈർഘ്യവും രീതിയും വിലയിരുത്തി ഡെർമറ്റോളജിസ്റ്റിനോ അലർജിസ്റ്റിനോ ആവശ്യമായ പരിശോധനകളും ചികിത്സയും നിർദേശിക്കാനാകും. വ്യക്തമായ കാരണമില്ലാതെ തടിപ്പുകൾ ആവർത്തിക്കുകയോ ആറ് ആഴ്ചയിലേറെ തുടരുകയോ ചെയ്യുന്നവർ വൈദ്യപരിശോധന തേടേണ്ടതാണ്.

# കൊല്ലം ചെങ്കോട്ട പാതയുടെ ഭംഗി വിസ്റ്റാഡോം കോച്ചിൽ ആസ്വദിക്കാം

**കൊല്ലം:** കൊല്ലംചെങ്കോട്ട റെയിൽപാതയിലൂടെ കേരളത്തിന് ആദ്യമായി അനുവദിച്ച വിസ്റ്റാഡോം കോച്ച് സർവീസ് ഇന്ന് ആരംഭിക്കും. വിസ്റ്റാഡോം കോച്ച് ഘടിപ്പിച്ച 16327 -ാം നമ്പർ മധുര ഗുരുവായൂർ എക്സ്പ്രസ് ട്രെയിൻ രാവിലെ 11.35 ന് മധുര ജംക്ഷനിൽ നിന്നു പുറപ്പെടും. കേരളത്തിന്റെ അതിർത്തിയായ ചെങ്കോട്ടയിൽ തീവണ്ടി ഉച്ചയ്ക്ക് 2.30 ന് എത്തിച്ചേരും. 2.45 നു ചെങ്കോട്ടയിൽ നിന്ന് ആരംഭിക്കുന്ന യാത്ര 3.09 നു ഭഗവതിപുരം, 3.29ന് ആര്യങ്കാവ്, 3.41 ന് ന്യൂ ആര്യങ്കാവ്, 3.49ന് ഇടപ്പാളയം, 3.57നു കഴുതുരുട്ടി, 4.09നു തെന്മല, 4.20നു ഒറ്റയ്ക്കൽ, 4.35ന് ഇടമൺ, 5.55നു പുനലൂർ, 6.10ന് ആവണീശ്വരം, 6.17നു കുര, 6.27ന് കൊട്ടാരക്കര, 6.34ന് എഴുകോൺ, 6.40നു കുണ്ടറ ഈസ്റ്റ്, 6.49ന് കുണ്ടറ, 6.57നു ചന്ദനത്തോപ്പ്, 7.05നു കിളികൊല്ലൂർ, 7.35നു കൊല്ലം എന്നിവിടങ്ങളിൽ എത്തും. ചെങ്കോട്ട, പുനലൂർ എന്നീ സ്റ്റേഷനുകളിൽ 5 മിനിറ്റും കൊല്ലത്ത് 10 മിനിറ്റും മറ്റു സ്റ്റേഷനുകളിൽ 1 മിനിറ്റുമാണ് ട്രെയിൻ നിർത്തുക. പുലർച്ചെ 2.15ന് ഗുരുവായൂരിൽ എത്തിച്ചേരും.

മനോഹരമായ റെയിൽ റൂട്ടുകളുടെ 360 ഡിഗ്രി കാഴ്ചകൾ യാത്രക്കാർക്ക് സമ്മാനിക്കാൻ ഇന്ത്യൻ റെയിൽവേ അവതരിപ്പിച്ച ടൂറിസ്റ്റ് പാസഞ്ചർ കോച്ചാണ് വിസ്റ്റഡോം. പുറംകാഴ്ചകൾ വ്യക്തമായി ആസ്വദിക്കാൻ പാകത്തിന് വലിയ ഗ്ലാസ് ജനാലകളാണ് ഈ കോച്ചുകളുടെപ്രത്യേകത. യൂറോപ്യൻ ശൈലിയിലുള്ള മേൽക്കൂരകളും ജനലുകളുമാണ് സവിശേഷത.

കൊല്ലം ജില്ലയ്ക്ക് ലഭിച്ച ചരിത്രപരമായ നേട്ടം അഭിമാനകരമാണെന്ന് എൻ.കെ പ്രേമചന്ദ്രൻ എംപി അറിയിച്ചു. രാജ്യത്ത് ആദ്യ വിസ്റ്റാഡോം കോച്ച് സർവീസ് ആരംഭിച്ചതു മുതൽ നാളിതുവരെ കൊല്ലം ചെങ്കോട്ട പാതയിലൂടെ വിസ്റ്റാഡോം കോച്ച് ഘടിപ്പിച്ച ട്രെയിൻ സർവീസ് നടത്തണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. കോച്ച് അനുവദിച്ച ഇന്ത്യൻ റെയിൽവേയുടെ നടപടിയെ സ്വാഗതം ചെയ്യുന്നു. സഞ്ചാരികൾക്കു പ്രകൃതി സൗന്ദര്യം ആസ്വദിക്കാൻ കഴിയുന്ന വിധം പരമാവധി സ്റ്റേഷനുകളിലും നിർത്തിയാണു ചെങ്കോട്ട കൊല്ലം പാതയിലൂടെ ട്രെയിൻ സർവീസ് നടത്തുന്നത്. പ്രദേശവാസികൾക്കു പ്രയോജനം ലഭിക്കുമെന്നതാണു പ്രധാനം. കൊല്ലം ചെങ്കോട്ട പാതയുടെ അനന്തമായ വിനോദ സഞ്ചാരസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും വിനോദസഞ്ചാരികളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും വിസ്റ്റാഡോം കോച്ച് സഹായകരമാകുമെന്നും പ്രേമചന്ദ്രൻ പറഞ്ഞു.



# കേരളത്തിലെ ആദ്യ ഡോൾബി സിനിമ കൊച്ചിയിൽ

**കൊച്ചി:** കേരളത്തിലെ ആദ്യ ഡോൾബി സിനിമാ തിയേറ്റർ ഫോർട്ട് കൊച്ചിയിലെ ഇവിഎം സിനിമാസിൽ ആരംഭിക്കുന്നു. ഡോൾബി ലബോറട്ടറീസും ഇവിഎം സിനിമാസും ചേർന്നാണ് 450 സീറ്റുകളുള്ള പ്രീമിയം സിനിമാ ഹാൾ ഒരുക്കുന്നത്. ഇന്ത്യയിലെ അഞ്ചാമത്തെ ഡോൾബി സിനിമാ തിയേറ്ററാണിത്. ഡോൾബി വിഷൻ സാങ്കേതികവിദ്യയിലൂടെ മികച്ച ദൃശ്യാനുഭവവും ഡോൾബി അറ്റ്മോസിലൂടെ തിയേറ്ററിലുടനീളം അനുഭവപ്പെടുന്ന ശബ്ദമികവും പ്രേക്ഷകർക്ക് ലഭിക്കും. പ്രത്യേകമായി രൂപകൽപ്പന ചെയ്ത സ്ക്രീൻ, ശബ്ദവിന്യാസം, ഇരിപ്പിടക്രമം എന്നിവയും അനുഭവം മെച്ചപ്പെടുത്തും. ഉടൻ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്ന തിയേറ്ററിലെ സിനിമകളുടെ ടിക്കറ്റുകൾ ബുക്ക് മൈഷോ വഴി ലഭ്യമാകും. കേരളത്തിലെ സിനിമാപ്രേമികൾക്ക് ആഗോള നിലവാരത്തിലുള്ള സിനിമാനുഭവം ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് പുതിയ സംരംഭം.




ഐ സി എൽ ഗ്രൂപ്പിന്റെ പുതിയ സംരംഭമായ ഐ സി എൽ അക്കാഡമിയുടെ തുടക്കം കുറിച് കൊച്ചിയിൽ സംഘടിപ്പിച്ച ചടങ്ങിൽ ഐ സി എൽ ഗ്രൂപ്പിന്റെ ചെയർമാനും & മാനേജിങ് ഡയറക്ടറുമായ അഡ്വ. കെ ജി അനിൽകുമാർ വിദ്യാഭ്യാസ രംഗത്തേക്കുള്ള പുതിയ ചുവടുവെപ്പുമായി ബന്ധപ്പെട്ട വിവരണപത്രിക പ്രകാശനം ചെയ്യുന്നു. ഐ സി എൽ ഗ്രൂപ്പിന്റെ വൈസ് ചെയർപേഴ്സൺ ശ്രീമതി. ഉമാ അനിൽകുമാർ, ഡോ. രാജശ്രീ അജിത് ഡയറക്ടർ ഐ സി എൽ ഫിൻകോർപ്, വൈശാഖ് റ്റി വി. കമ്പനി സെക്രട്ടറി, പി. സുരേഷ്കുമാർ ഡയറക്ടർ ഐ സി എൽ അക്കാഡമി, ഹരികുമാർ ഇ കെ. ഡയറക്ടർ ഐ സി എൽ ഫിൻകോർപ്, മാധവൻകുട്ടി റ്റി. സിഎഫ്ഒ ഐ സി എൽ ഫിൻകോർപ്, സതീശൻ കല്ലിടിൽ എസ്ജിഎം, ഐ സി എൽ ഫിൻകോർപ് തുടങ്ങിയവർ സമീപം.

# ഐ.സി.എൽ ഗ്രൂപ്പ് വിദ്യാഭ്യാസ മേഖലയിലേക്ക്: ഐസിഎൽ അക്കാദമി പ്രവർത്തനമാരംഭിച്ചു

**തൃശ്ശൂർ:** പ്രമുഖ വ്യവസായ ശൃംഖലയായ ഐ.സി.എൽ ഗ്രൂപ്പ് വിദ്യാഭ്യാസ മേഖലയിലേക്ക് ചുവടുവെച്ചുകൊണ്ട് ഐസിഎൽ അക്കാദമി'ക്ക് തൃശ്ശൂരിൽ തുടക്കം കുറിച്ചു. ദേശീയ അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനവും ഉന്നത വിദ്യാഭ്യാസ മാർഗ്ഗങ്ങളും കുറഞ്ഞ ചെലവിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച അക്കാദമിയുടെ ഉദ്ഘാടനത്തോടൊപ്പം വിപുലമായ ട്രെയിനിംഗ്, സ്കോളർഷിപ്പ് പദ്ധതികൾ ഐസിഎൽ ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അഡ്വ. കെ.ജി. അനിൽ കുമാർ പ്രഖ്യാപിച്ചു. NEET, JEE Main, JEE Advanced, KEAM, CUET തുടങ്ങിയ ദേശീയസംസ്ഥാനതല എൻട്രൻസ് പരീക്ഷകൾക്കും SAT, ACT തുടങ്ങിയ വിദേശ സർവകലാശാലാ പ്രവേശന പരീക്ഷകൾക്കും പുറമെ, പ്രമുഖ അന്താരാഷ്ട്ര സർവകലാശാലകളുമായി സഹകരിച്ചുള്ള യൂണിവേഴ്സിറ്റി പഠന പ്രോഗ്രാമുകളും ഡിഗ്രി പാത്ത്‌വേകളും അക്കാദമി ലഭ്യമാക്കും. ഇന്ത്യയിലെയും ജി.സി.സി രാജ്യങ്ങളിലെയും പ്രമുഖ വിഷയവിദഗ്ദ്ധരുടെ സേവനം ഉറപ്പാക്കുന്നതിനൊപ്പം, 'ICL Dreamthem Olympiad' വഴി IOQM, NSEJS പരീക്ഷകൾക്കും ഫൗണ്ടേഷൻ കോഴ്സുകൾക്കും അക്കാദമി നേതൃത്വം നൽകും.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കഴിവുറ്റ വിദ്യാർത്ഥികൾക്കായി പ്രത്യേക സ്കോളർഷിപ്പുകളും സ്കൂളുകൾക്കായി അക സാങ്കേതികവിദ്യ ഉൾപ്പെടുത്തിയുള്ള 'Teacher Training & Empowerment' പ്രോഗ്രാമുകളും അക്കാദമി ആവിഷ്കരിച്ചിട്ടുണ്ട്. പ്രമുഖ വിദ്യാഭ്യാസ സ്ഥാപന ശൃംഖലയായ പിഎസ്കെ എഡ്യുവഞ്ചേഴ്സിനെ ഐസിഎൽ ഗ്രൂപ്പ് പൂർണ്ണമായി ഏറ്റെടുത്തതിനെ തുടർന്ന്, പ്രമുഖ എൻട്രൻസ് പരിശീലകനും വിദ്യാഭ്യാസ വിചക്ഷണനുമായ PSK സുരേഷ് കുമാറിന്റെ അക്കാദമിക നേതൃത്വത്തിലാണ് പദ്ധതികൾ തയാറാക്കിയിരിക്കുന്നത്. തൃശ്ശൂരിൽ നിന്ന് ആരംഭിക്കുന്ന സേവനങ്ങൾ കേരളത്തിലുടനീളവും തുടർന്ന് ദക്ഷിണേന്ത്യയിലെയും ഇന്ത്യയിലെയും പ്രമുഖ നഗരങ്ങളിലേക്കും വ്യാപിപ്പിച്ച് ഐസിഎൽ അക്കാദമിയെ ഒരു അഖിലേന്ത്യാ ബ്രാൻഡാക്കി മാറ്റാനാണ് ലക്ഷ്യമിടുന്നതെന്നും, ഭാവിയിൽ അന്താരാഷ്ട്ര സ്കൂളുകൾ ആരംഭിക്കുമെന്നും അഡ്വ. കെ.ജി. അനിൽ കുമാർ വ്യക്തമാക്കി. ധനകാര്യം, ഹെൽത്ത്കെയർ, റിയൽ എസ്റ്റേറ്റ് തുടങ്ങി വിവിധ മേഖലകളിൽ തിളങ്ങിനിൽക്കുന്ന കളഘ ഗ്രൂപ്പ്, വ്യോമയാന വിവര സാങ്കേതികമേഖലകളിലേക്കും ഉടൻ പ്രവർത്തനം വ്യാപിപ്പിക്കും.




## മൂന്ന് ഡ്രമ്മുകളുള്ള എം3 സീരീസ് വാഷിങ് മെഷീൻ അവതരിപ്പിച്ച് ഹയർ

**കൊച്ചി:** നൂതന സാങ്കേതികവിദ്യയുമായി ഹയർ എം3 സീരീസ് വാഷിങ് മെഷീൻ അവതരിപ്പിച്ചു. എഐ മൾട്ടി വാഷ് സംവിധാനത്തോടെയുള്ള മൂന്ന് ഡ്രമ്മുകളാണ് മെഷീന്റെ പ്രധാന സവിശേഷത. ഒരേസമയം മൂന്ന് വ്യത്യസ്ത വസ്ത്രങ്ങൾ അലക്കാൻ ഇതിലൂടെ സാധിക്കും. കുഞ്ഞുങ്ങളുടെ വസ്ത്രങ്ങൾ, ദൈനംദിന വസ്ത്രങ്ങൾ, അതിലോലമായ തുണിത്തരങ്ങൾ എന്നിവ പ്രത്യേകം അലക്കാം. എഐ വാഷ് സാങ്കേതികവിദ്യ വസ്ത്രങ്ങൾക്കനുസരിച്ച് അനുയോജ്യമായ വാഷിങ് പ്രോഗ്രാം നിർദേശിക്കും. 12 കിലോഗ്രാം ശേഷിയുള്ള മെഷീന് 1.30 ലക്ഷം രൂപയാണ് വില. നാല് വർഷത്തെ സമഗ്ര വാറന്റിയും മോട്ടോറിന് 12 വർഷത്തെ വാറന്റിയും ലഭിക്കും. രാജ്യത്തുടനീളമുള്ള റീട്ടെയിൽ ഔട്ട്ലെറ്റുകളിലും ഹയറിന്റെ ഓൺലൈൻ സ്റ്റോറിലും മെഷീൻ ലഭ്യമാണ്.

## ‘ഡാസിൽ’ കോൺഫറൻസ് കൊച്ചിയിൽ തുടങ്ങി

**കൊച്ചി:** ഡെർമറ്റോളജി, എസ്തെറ്റിക്സ്, സർജറി മേഖലകളിലെ അന്താരാഷ്ട്ര സംഘടനയായ ’ഡാസിൽ’ (ഡാസിൽ ഡെർമറ്റോളജി, എസ്തെറ്റിക്സ്, ആൻഡ് സർജറി ഇന്റർനാഷണൽ ലീഗ്) സംഘടിപ്പിക്കുന്ന 14ാമത് വേൾഡ് കോൺഗ്രസ് കൊച്ചിയിൽ തുടങ്ങി. ലോകമെമ്പാടുമുള്ള പ്രമുഖ ചർമ്മരോഗ വിദഗ്ദ്ധരും സർജന്മാരും ഗവേഷകരും പങ്കെടുക്കുന്ന ഈ രാജ്യാന്തര സമ്മേളനത്തിൽ ബോഡി കോണ്ടൂറിങ്, അഡ്വാൻസ്ഡ് ഡെർമറ്റോളജി സർജറി, ലേസർ സാങ്കേതികവിദ്യകൾ, ഹെയർ ട്രാൻസ്പ്ലാന്റേഷൻ, റീജനറേറ്റീവ് മെഡിസിൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത ചികിത്സാരീതികൾ തുടങ്ങിയ അത്യാധുനിക വിഷയങ്ങളിൽ ചർച്ചകളും തത്സമയ പ്രദർശനങ്ങളും നടക്കും. അന്താരാഷ്ട്ര വിദഗ്ദ്ധരും ഇന്ത്യൻ ഡോക്ടർമാരും പങ്കെടുക്കുന്ന ഈ സംഗമം കേരളത്തിലെ ചർമ്മരോഗസൗന്ദര്യവർദ്ധക ചികിത്സാരംഗത്തിന് വലിയ മുന്നേറ്റമേകുമെന്ന് ഡാസിൽ വേൾഡ് കോൺഗ്രസ്സ് 2026 പ്രസിഡന്റ് ഡോ.രാഹുൽ പിള്ള അറിയിച്ചു.

## സൈബർ സുരക്ഷാ പരിശീലനവുമായി ഐസിടി അക്കാദമി ഓഫ് കേരള

**തിരുവനന്തപുരം:** സൈബർ സുരക്ഷാ മേഖലയിലെ വർധിച്ചുവരുന്ന തൊഴിലവസരങ്ങൾ ലക്ഷ്യമിട്ട സർട്ടിഫൈഡ് സൈബർ സെക്യൂരിറ്റി അനലിസ്റ്റ് എന്ന പരിശീലന പരിപാടിക്ക് തുടക്കമിടുന്നു.

കേരള സർക്കാരിൻറെ ഐടി നൈപുണ്യ വികസന ഏജൻസിയായ ഐസിടി അക്കാദമി ഓഫ് കേരളയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. തിരുവനന്തപുരം ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന എസ്ടിപിഐ കേന്ദ്രത്തിലാണ് കോഴ്സിൻറെ ഓഫ്‌ലൈൻ പരിശീലനം സംഘടിപ്പിക്കുന്നത്.

സൈബർ സുരക്ഷയുടെയും നെറ്റ്‌വർക്കിംഗിൻറെയും അടിസ്ഥാനതത്ത്വങ്ങൾ മുതൽ പ്രായോഗിക സുരക്ഷാ പരിശോധനകൾ വരെ ഉൾക്കൊള്ളുന്നതാണ് കോഴ്സ്.

എൻജിനിയറിംഗ്, അല്ലെങ്കിൽ സയൻസ് ബിരുദധാരികൾക്കും ഏതെങ്കിലും എൻജിനിയറിംഗ് വിഷയത്തിൽ മൂന്ന് വർഷത്തെ ഡിപ്ലോമ യോഗ്യതയുള്ളവർക്കും കോഴ്സിലേക്ക് അപേക്ഷിക്കാം. ബിരുദ പഠനം പൂർത്തിയാക്കി ഫലം കാത്തിരിക്കുന്ന വിദ്യാർഥികൾക്കും അപേക്ഷിക്കാൻ അവസരമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് +91 94 000 63499 എന്ന ഫോൺ നമ്പറിലോ ictaksupport4 @ictkerala.org, info@ictkerala.org എന്നീ ഇമെയിൽ വിലാസങ്ങളിലോ ബന്ധപ്പെടാം.

# സനോഫിയുടെ ക്യൂഫിറ്റ്ലിയക്ക് ഇന്ത്യയിൽ വിപണനാനുമതി

**കൊച്ചി:** ഹീമോഫീലിയ രോഗബാധയുള്ള മുതിർന്നവരിലും കൗമാരക്കാരിലും രക്തസ്രാവത്തിന്റെ ആവൃത്തി തടയുന്നതിനോ കുറയ്ക്കുന്നതിനോ ഉള്ള പ്രതിരോധ മരുന്നായ സനോഫിയുടെ ക്യൂഫിറ്റ്ലിയക്ക് വിപണാനുമതി നൽകി സെൻട്രൽ ഡ്രഗ്സ് കൺട്രോൾ ഓർഗനൈസേഷൻ.

രോഗബാധിതർക്ക് പതിവ് മുൻകരുതൽ ചികിത്സയ്ക്ക് അനുമതി ലഭിക്കുന്ന ആദ്യത്തെ ആന്റി ത്രോംബിൻ ലോവറിംഗ് തെറാപ്പിയാണിത്. ഹീമോഫീലിയ എ, ഹീമോഫീലിയ ബി ബാധിച്ചവർക്ക് വർഷത്തിൽ ആറ് ഇൻജെക്ഷനുകൾ മാത്രം ഉപയോഗിച്ച് രോഗാവസ്ഥയെ പ്രതിരോധിക്കാൻ ക്യൂഫിറ്റ്ലിയക്ക് സാധിക്കും.

ഇൻഹിബിറ്ററുകൾ ഉപയോഗിച്ചും അല്ലാതെയും ഹീമോഫീലിയ ബാധിതരിൽ വാർഷിക രക്തസ്രാവ നിരക്ക് അടിസ്ഥാനമാക്കി നടത്തിയ പഠനങ്ങളിൽ വ്യക്തമായ രക്തസ്രാവ പ്രതിരോധ ശേഷി തെളിയിച്ച 'അറ്റ്ലസ് ഫേസ് 3' ക്ലിനിക്കൽ ട്രയൽ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഡ്രഗ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യയുടെ കീഴിലുള്ള സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ ഈ അനുമതി നൽകിയത്.

ഇന്ത്യയിലെ ഹീമോഫീലിയ രോഗികൾക്ക് പ്രതിരോധ ചികിത്സയ്ക്കുള്ള സുരക്ഷിത അവസരമാണ് ക്യൂഫിറ്റ്ലിയക്ക് വിപണാനുമതി ലഭിച്ചതിലൂടെ യാഥാർത്ഥ്യമാകുന്നതെന്ന് സനോഫി (ഇന്ത്യ) ബിസിനസ് തലവൻ പർവാസ് മഹാജൻ അഭിപ്രായപ്പെട്ടു.

രാജ്യത്ത് രജിസ്റ്റർ ചെയ്ത ഏകദേശം 28900 വരുന്ന രോഗികൾക്ക് ആശങ്കയില്ലാതെ ജീവിക്കാനും രോഗത്തിനാവശ്യമായ പരിചരണം ലഭ്യമാക്കുന്നതിനും ഈ അനുമതി ഏറെ സഹായകരമാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

# സമ്മിറ്റ് ആക്ടീവ് അസറ്റ് അലോക്കേറ്റർ ലോംഗ്ഷോർട്ട് ഫണ്ടുമായി സമ്മിറ്റ് എസ്ഐഎഫ്

## എൻഎഫ്ഒ ഒക്ടോബർ 26ന് അവസാനിക്കും

**കൊച്ചി:** സമ്മിറ്റ് എസ്ഐഎഫ് പുതിയ സമ്മിറ്റ് ആക്ടീവ് അസറ്റ് അലോക്കേറ്റർ ലോംഗ്ഷോർട്ട് ഫണ്ട് അവതരിപ്പിച്ചു. ഇക്വിറ്റി, ഡെറ്റ്, ഇവയുടെ ഡെറിവേറ്റീവുകൾ, ഇൻവിറ്റുകൾ, കമ്മോഡിറ്റി ഡെറിവേറ്റീവുകൾ എന്നിവയിലുടനീളം നിക്ഷേപം നടത്തുന്ന ഒരു ഇന്റർവെൽ നിക്ഷേപ രീതിയാണിത്. ഇതിനുപുറമെ ഡെറിവേറ്റീവുകളിലൂടെ അനുവദിക്കപ്പെട്ട നിക്ഷേപ മാർഗ്ഗങ്ങളിൽ പരിമിതമായ ഷോർട്ട് എക്സ്പോഷറും ഈ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഒന്നിലധികം ആർബിട്രേജ് അവസരങ്ങളെ ഒരൊറ്റ പോർട്ട്ഫോളിയോയിൽ സംയോജിപ്പിക്കുന്ന മൾട്ടി ആർബിട്രേജ് രീതിയാണ് ഈ ഫണ്ട് പിന്തുടരുന്നത്. അടിസ്ഥാന ആർബിട്രേജിന് പുറമെ സിന്തറ്റിക്, ഇൻഡക്സ്, കമ്മോഡിറ്റി ആർബിട്രേജുകളിലൂടെയും മറ്റ് പ്രത്യേക സാഹചര്യങ്ങളിലൂടെയും കൂടുതൽ നിക്ഷേപ അവസരങ്ങൾ കണ്ടെത്താൻ ഫണ്ട് ലക്ഷ്യമിടുന്നു. ഇടത്തരം കാലയളവിലേക്ക് നിക്ഷേപം നടത്താൻ ആഗ്രഹിക്കുന്നവർക്ക് തികച്ചും വ്യത്യസ്തമായ ഒരു നിക്ഷേപ മാർഗ്ഗമാണിത്.

ദീപക് ഗുപ്തയാണ് ഫണ്ട് കൈകാര്യം ചെയ്യുന്നത്. ഫണ്ടിന്റെ ബെഞ്ച്മാർക്ക് 40 ശതമാനം നിഫ്റ്റി 500 ടിആർഐ, 40 ശതമാനം ക്രിസിൽ ഷോർട്ട് ടേം ബോണ്ട് ഫണ്ട് ഇൻഡക്സ്, 20 ശതമാനം ഐകോംഡെക്സ് കോമ്പോസിറ്റ് ഇൻഡക്സ് എന്നിവയായിരിക്കും. വിവിധ മാർക്കറ്റുകളിലും നിക്ഷേപ സാഹചര്യങ്ങളിലും വ്യത്യസ്ത സാഹചര്യങ്ങളിലും ആർബിട്രേജ് അവസരങ്ങൾ ഉണ്ടാകാമെന്ന് ഫണ്ട് മാനേജർ ദീപക് ഗുപ്ത പറഞ്ഞു. സിന്തറ്റിക് ഫ്യൂച്ചറുകൾ, സൂചികകൾ, കമ്മോഡിറ്റികൾ എന്നിവയിലൂടെ ഈ അവസരങ്ങൾ കണ്ടെത്താൻ എസ്ഐഎഫ് മാതൃക സഹായിക്കും. അമിതമായ അപകടസാധ്യത എടുക്കാതെ തന്നെ മികച്ച വരുമാനം ഉറപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

ഫണ്ടിന്റെ എൻഎഫ്ഒ ഒക്ടോബർ 26ന് അവസാനിക്കും. കുറഞ്ഞ നിക്ഷേപ തുക 10,00,000 രൂപയാണ് തുടർന്ന് 1 രൂപയുടെ ഗുണിതങ്ങളായി നിക്ഷേപിക്കാം. അംഗീകൃത നിക്ഷേപകർക്ക് കുറഞ്ഞ നിക്ഷേപം 1,00,000 രൂപയാണ് തുടർന്ന് 1 രൂപയുടെ ഗുണിതങ്ങളായി നിക്ഷേപിക്കാം. എസ്ഐപി വഴി നിക്ഷേപിക്കാൻ ചുരുങ്ങിയത് 1,000 രൂപ ആവശ്യമാണ്. എന്നാൽ സമ്മിറ്റ് എസ്ഐഎഫിന്റെ എല്ലാ നിക്ഷേപങ്ങളിലുമായി മൊത്തം 10,00,000 രൂപയുടെ നിക്ഷേപം നിലനിർത്തേണ്ടതുണ്ട്. തിങ്കൾ, ബുധൻ ദിവസങ്ങളിൽ ആഴ്ചയിൽ രണ്ടുതവണ നിക്ഷേപം പിൻവലിക്കാൻ സാധിക്കും. 30 ദിവസത്തിനുള്ളിൽ നിക്ഷേപം പിൻവലിച്ചാൽ 0.50 ശതമാനം എക്സിറ്റ് ലോഡും, 30 ദിവസത്തിന് ശേഷവും 60 ദിവസത്തിന് മുൻപും ആണെങ്കിൽ 0.25 ശതമാനം എക്സിറ്റ് ലോഡും ഈടാക്കും. 60 ദിവസത്തിന് ശേഷം പിൻവലിക്കുന്നതിന് എക്സിറ്റ് ലോഡ് ഉണ്ടാകില്ല.

# ബിർള ഫെർട്ടിലിറ്റി ആൻഡ് ഐവിഎഫ് കണ്ണൂർ പതിമൂന്നാം വാർഷികം ആഘോഷിക്കുന്നു

**കൊച്ചി:** കേരളത്തിൽ സമഗ്ര വന്ധ്യതാ ചികിത്സാ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ ബിർള ഫെർട്ടിലിറ്റി ആൻഡ് ഐവിഎഫ് കണ്ണൂർ 13 വർഷം പൂർത്തിയാക്കി. പോളിസിസ്റ്റിക് ഓവറി സിൻഡ്രോം, എൻഡോമെട്രിയോസിസ്, ഫലോപ്പിയൻ ട്യൂബ് സംബന്ധമായ പ്രശ്നങ്ങൾ, അണ്ഡശേഖരം കുറയുന്ന അവസ്ഥ, ഉയർന്ന മാതൃപ്രായം, പുരുഷന്മാരിലെ വന്ധ്യത, കാരണം വ്യക്തമാകാത്ത വന്ധ്യത, ആവർത്തിച്ചുള്ള ഗർഭനഷ്ടം തുടങ്ങിയ സങ്കീർണ്ണമായ കേസുകളിൽ കൃത്യമായ ചികിത്സ നൽകാൻ ഈ കാലയളവിൽ കേന്ദ്രത്തിന് സാധിച്ചിട്ടുണ്ട്. വന്ധ്യതാ സംരക്ഷണം ആവശ്യമായവർക്കും ദാതാക്കളുടെ സഹായത്തോടെയുള്ള ചികിത്സ ആവശ്യമുള്ള രോഗികൾക്കും സമഗ്രമായ പരിശോധനയും ആധുനിക ചികിത്സാ രീതികളും കേന്ദ്രത്തിൽ ലഭ്യമാണ്. നേരത്തെ ചികിത്സകൾ പരാജയപ്പെട്ട രോഗികളിലും സങ്കീർണ്ണമായ ആരോഗ്യപ്രശ്നങ്ങളുള്ളവരിലും വ്യക്തിഗത ചികിത്സാ പദ്ധതികളിലൂടെ ഗർഭധാരണം സാധ്യമാക്കാൻ കേന്ദ്രത്തിന് കഴിഞ്ഞിട്ടുണ്ട്. തങ്ങളുടെ കേസ് പഠനങ്ങളിലൊന്നിൽ, ആരോഗ്യപരമായ നിരവധി വെല്ലുവിളികളും മുൻകാല ചികിത്സാ പരാജയങ്ങളും നേരിട്ട സ്ത്രീക്ക് കൃത്യമായ വൈദ്യസഹായത്തിലൂടെയും ആസൂത്രിത ചികിത്സയിലൂടെയും ഗർഭധാരണം സാധ്യമാക്കാൻ കഴിഞ്ഞത് ഇതിന് ഉദാഹരണമാണ്. എന്റോമെട്രിയത്തിന്റെ അനുയോജ്യത ഉറപ്പുവരുത്തി കൃത്യമായ സമയത്ത് ഭ്രൂണമാറ്റം നടത്തുകയും വിദഗ്ധ ഉപദേശവും പിന്തുണയും നൽകുകയും ചെയ്യുന്നത് ചികിത്സാ വിജയത്തിൽ നിർണായക പങ്കുവഹിക്കുന്നുണ്ടെന്ന് ഫെർട്ടിലിറ്റി സ്പെഷ്യലിസ്റ്റും സെന്റർ ഹെഡുമായ ഡോക്ടർ പി. ഷൈജസ് വ്യക്തമാക്കി. പതിനാറ് വർഷത്തിലധികം പ്രവർത്തന പരിചയവും എണ്ണൂറിലധികം വിജയകരമായ ചികിത്സാ ചക്രങ്ങൾ പൂർത്തിയാക്കിയ പരിചയസമ്പത്തുമുള്ള ഡോക്ടർ പി. ഷൈജസിന്റെ നേതൃത്വത്തിലാണ് കേന്ദ്രം പ്രവർത്തിക്കുന്നത്. ഗൈനക്കോളജിക്കൽ എൻഡോസ്കോപ്പിക് രീതികളിൽ പ്രത്യേക വൈദഗ്ധ്യമുള്ള ഇദ്ദേഹം സ്ത്രീകളുടെ ആരോഗ്യരംഗത്തെ സംഭാവനകൾക്ക് നിരവധി ദേശീയ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. പതിമൂന്നാം വാർഷികത്തിന്റെ ഭാഗമായി, ആരോഗ്യമേഖലയിലെ മറ്റ് പങ്കാളികളുമായും ഡോക്ടർമാരുമായും സഹകരിച്ച് ഓരോ ദമ്പതികളുടെയും മെഡിക്കൽ പശ്ചാത്തലവും ആവശ്യങ്ങളും കണക്കിലെടുത്തുള്ള ആധുനികവും കാരുണ്യപൂർണ്ണവുമായ ചികിത്സ തുടരാനാണ് കേന്ദ്രം ലക്ഷ്യമിടുന്നത്.

# കേരളത്തിൽ ജാവ, യെസ്ഡി, ബിഎസ്എ സർവീസ് ക്യാമ്പിന് തുടക്കം

**കൊച്ചി:** ജാവ, യെസ്ഡി, ബിഎസ്എ മോട്ടോർസൈക്കിളുകളുടെ ഉടമകൾക്കായി ഒക്ടോബർ 22 മുതൽ 26 വരെ കേരളത്തിലെ എച്ച്എംഎസ്എസ് മോട്ടോഴ്സ് ഡീലർഷിപ്പുകളിൽ അഞ്ച് ദിവസത്തെ സർവീസ് ക്യാമ്പ് സംഘടിപ്പിക്കുന്നു. ക്യാമ്പിന്റെ ഭാഗമായി 72 പോയിന്റ് വാഹന പരിശോധനയും സൗജന്യ വാഷിങ്ങും ലഭിക്കും. ഒറിജിനൽ സ്പെയർ പാർട്സ്, ആക്സസറീസ്, എക്സ്റ്റെൻഡഡ് വാറന്റി, റോഡ്സൈഡ് അസിസ്റ്റൻസ്, വാർഷിക മെയിന്റനൻസ് കരാർ എന്നിവയ്ക്ക് പ്രത്യേക ഓഫറുകളും ലഭ്യമാണ്. പാലക്കാട്, തിരൂർ, കണ്ണൂർ, കായംകുളം, കൊല്ലം, ആറ്റിങ്ങൽ എന്നിവിടങ്ങളിലാണ് ക്യാമ്പ് നടക്കുന്നത്. വാഹനങ്ങളുടെ മികച്ച പരിപാലനം ഉറപ്പാക്കുന്നതിനും ഉപഭോക്താക്കൾക്ക് വിശ്വസനീയമായ വിൽപ്പനാനന്തര സേവനം ലഭ്യമാക്കുന്നതിനുമാണ് ക്യാമ്പിലൂടെ ലക്ഷ്യമിടുന്നതെന്ന് കമ്പനി അറിയിച്ചു.

# ദീപാവലിക്ക് ഫയർക്രാക്കർ ഇൻഷുറൻസുമായി ഫോൺപേ

**കൊച്ചി:** ദീപാവലി ആഘോഷങ്ങൾക്കിടെ പടക്കങ്ങൾ മൂലമുണ്ടാകുന്ന അപകടങ്ങളിൽ സാമ്പത്തിക പരിരക്ഷ ഉറപ്പാക്കാൻ ഫോൺപേ ഫയർക്രാക്കർ ഇൻഷുറൻസ് അവതരിപ്പിച്ചു. ആദിത്യ ബിർള ഹെൽത്ത് ഇൻഷുറൻസിന്റെ പിന്തുണയോടെ ലഭ്യമാകുന്ന പോളിസിയിൽ 25,000 രൂപ വരെ മെഡിക്കൽ പരിരക്ഷ ലഭിക്കും. 11 രൂപ, 21 രൂപ പ്രീമിയങ്ങളിൽ യഥാക്രമം 11, 30 ദിവസത്തെ പരിരക്ഷ ലഭിക്കുന്ന രണ്ട് പ്ലാനുകളുണ്ട്. ആശുപത്രിയിൽ പ്രവേശിപ്പിച്ചുള്ള ചികിത്സ, ഡേ കെയർ ചികിത്സ എന്നിവയ്ക്കൊപ്പം അപകടമരണത്തിന് 25,000 രൂപയുടെ ആനുകൂല്യവും ലഭ്യമാണ്. പോളിസി ഉടമയ്ക്കും പങ്കാളിക്കും രണ്ട് ആശ്രിത കുട്ടികൾക്കും ചികിത്സാ പരിരക്ഷ ലഭിക്കും. ഫോൺപേ ആപ്പിലൂടെ ഉപയോക്താക്കൾക്ക് ഇൻഷുറൻസ് വാങ്ങാം.

# ഫോൺപേ ഇൻവെസ്റ്റുമായി ഫോൺപേ

**കൊച്ചി:** ഓഹരി നിക്ഷേപ, വ്യാപാര പ്ലാറ്റ്ഫോമായ ഷെയർ.മാർക്കറ്റിനെ ഫോൺപേ ഇൻവെസ്റ്റ് എന്ന പേരിൽ പുനരവതരിപ്പിച്ച് ഫോൺപേ. നിക്ഷേപം കൂടുതൽ ലളിതവും കാര്യക്ഷമവുമാക്കുന്നതിനായി പോർട്ട്ഫോളിയോ ഒപ്റ്റിമൈസർ എന്ന പുതിയ സംവിധാനവും കമ്പനി അവതരിപ്പിച്ചു. ഓഹരികൾ, ഐപിഒ, മ്യൂച്വൽ ഫണ്ടുകൾ, ഫ്യൂച്ചേഴ്സ് ആൻഡ് ഓപ്ഷൻസ് എന്നിവയിൽ നിക്ഷേപിക്കാനുള്ള സൗകര്യങ്ങൾക്കൊപ്പം നിക്ഷേപകരുടെ പോർട്ട്ഫോളിയോ വിലയിരുത്താനും മെച്ചപ്പെടുത്താനും പുതിയ സംവിധാനം സഹായിക്കും. പോർട്ട്ഫോളിയോയിലെ വൈവിധ്യം, മോശം പ്രകടനം കാഴ്ചവയ്ക്കുന്ന ആസ്തികൾ, മേഖലകളിലെ നിക്ഷേപ കേന്ദ്രീകരണം തുടങ്ങിയവ തിരിച്ചറിയാനും ഗവേഷണാധിഷ്ഠിത നിർദേശങ്ങൾ നേടാനും ഇതിലൂടെ സാധിക്കും. നിലവിലുള്ള ഉപയോക്താക്കളുടെ നിക്ഷേപ വിവരങ്ങൾ, ബാലൻസ്, വാച്ച്ലിസ്റ്റ്, ഓർഡർ ചരിത്രം, ലോഗിൻ വിവരങ്ങൾ എന്നിവ മാറ്റമില്ലാതെ തുടരും. പ്ലാറ്റ്ഫോം മാറ്റത്തിന്റെ ഭാഗമായി നിലവിലെ ബ്രോക്കറേജ് നിരക്കുകളിലും വാർഷിക പരിപാലനച്ചെലവിലും മാറ്റമുണ്ടാകില്ലെന്നും കമ്പനി അറിയിച്ചു.

# ഉത്സവകാല വിപണി ലക്ഷ്യമിട്ട് മെറ്റ

**കൊച്ചി:** ദീപാവലി ഉൾപ്പെടെയുള്ള ഉത്സവകാലത്തെ വിപണന സാധ്യതകൾ പ്രയോജനപ്പെടുത്താൻ ബ്രാൻഡുകളെ സഹായിക്കുന്ന പുതിയ മാർഗരേഖയുമായി മെറ്റ. 'ഫെസ്റ്റീവ് ആക്സിലറേറ്റർ 2026: സിഎംഒ പ്ലേബുക്ക്' എന്ന മാർഗരേഖയിൽ ഉപഭോക്തൃ പ്രവണതകളും ഡിജിറ്റൽ വിപണന തന്ത്രങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ ഷോപ്പിങ് നടത്തുന്ന പുതിയ ഉപഭോക്താക്കളിൽ 60 ശതമാനവും രണ്ടാം, മൂന്നാം നിര നഗരങ്ങളിൽ നിന്നുള്ളവരാണ്. വാങ്ങലിന് മുമ്പ് 86 ശതമാനം ഉപഭോക്താക്കളും സോഷ്യൽ മീഡിയയിൽ ഉൽപ്പന്നങ്ങൾക്കായി പ്രചോദനം തേടുന്നു. ഉത്സവകാലത്ത് പകുതിയോളം ഉപഭോക്താക്കൾ ഇൻഫ്ലുവൻസർമാരെയും കണ്ടന്റ് ക്രിയേറ്റർമാരെയും പിന്തുടരുന്നുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്രിയേറ്റർ കണ്ടന്റ്, ഡിജിറ്റൽ പരസ്യങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി ദീപാവലിക്ക് ശേഷമുള്ള വിവാഹ സീസൺ, ക്രിസ്മസ്, പുതുവത്സര വിൽപ്പന എന്നിവയിലും വളർച്ച നേടാൻ ബ്രാൻഡുകൾക്ക് കഴിയുമെന്ന് മെറ്റ വ്യക്തമാക്കി.



സൗത്ത് ഇന്ത്യൻ ബാങ്ക് ജെ.എൽ.എൻ സ്റ്റേഡിയം ലിങ്ക് റോഡ് ശാഖ എസ്.എഫ്.സി ഗ്രൂപ്പ് ആൻഡ് മുരള്യ ഡെയറി സ്ഥാപകനും ചെയർമാനുമായ മുരളീധരൻ കേശവൻ ഉദ്ഘാടനം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ കൗൺസിലർ അഡ്വ. ദീപ്തി മേരി വർഗീസ്, പ്രമുഖ ചലച്ചിത്ര നിർമ്മാതാവും ഡിസ്ട്രിബ്യൂട്ടറും മാജിക് ഫ്രെയിംസ് ഉടമയുമായ ലിസ്റ്റിൻ സ്റ്റീഫൻ, സൗത്ത് ഇന്ത്യൻ ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ചീഫ് ബിസിനസ്സ് ഓഫീസറുമായ ആന്റോ ജോർജ് ടി, ചീഫ് ജനറൽ മാനേജരും സി.ഐ.ഒയുമായ സോണി എ, അസിസ്റ്റന്റ് ജനറൽ മാനേജരും റീജിയണൽ ഹെഡുമായ ടിനു ഈഡൻ അമ്പാട്ട്, ക്ലസ്റ്റർ ഹെഡ് രഞ്ജിത്ത് ജി. പി, ബ്രാഞ്ച് ഹെഡ് നീതു രവീന്ദ്രൻ എന്നിവരോടൊപ്പം ബാങ്ക് ഉപഭോക്താക്കളും സമീപം.

# സൗത്ത് ഇന്ത്യൻ ബാങ്ക് ജെ.എൽ.എൻ സ്റ്റേഡിയം ശാഖ പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** കലൂർ ജെ.എൽ.എൻ സ്റ്റേഡിയം ലിങ്ക് റോഡിലുള്ള ഡേവിഡ്സ് പവിലിയന്റെ ഗ്രൗണ്ട് ഫ്ലോറിൽ വിപുലമായ സൗകര്യങ്ങളോടെ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ജെ.എൽ.എൻ സ്റ്റേഡിയം ലിങ്ക് റോഡ് ശാഖ പുതിയ മേൽവിലാസത്തിൽ പ്രവർത്തനം ആരംഭിച്ചു. എസ്.എഫ്.സി ഗ്രൂപ്പ് ആൻഡ് മുരള്യ ഡെയറി സ്ഥാപകനും ചെയർമാനുമായ മുരളീധരൻ കേശവൻ ശാഖയുടെ ഉദ്ഘാടനം ചെയ്തു. കൊച്ചി കോർപ്പറേഷൻ കൗൺസിലർ അഡ്വ. ദീപ്തി മേരി വർഗീസ് എ.ടി.എം സർവീസിന്റെ ഉദ്ഘാടനവും, പ്രമുഖ ചലച്ചിത്ര നിർമ്മാതാവും ഡിസ്ട്രിബ്യൂട്ടറും മാജിക് ഫ്രെയിംസ് ഉടമയുമായ ലിസ്റ്റിൻ സ്റ്റീഫൻ ലോക്കർ സൗകര്യത്തിന്റെ ഉദ്ഘാടനവും നിർവഹിച്ചു.

സൗത്ത് ഇന്ത്യൻ ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ചീഫ് ബിസിനസ്സ് ഓഫീസറുമായ ആന്റോ ജോർജ് ടി, ചീഫ് ജനറൽ മാനേജരും സി.ഐ.ഒയുമായ സോണി എ, അസിസ്റ്റന്റ് ജനറൽ മാനേജരും റീജിയണൽ ഹെഡുമായ ടിനു ഈഡൻ അമ്പാട്ട്, ക്ലസ്റ്റർ ഹെഡ് രഞ്ജിത്ത് ജി. പി, ബ്രാഞ്ച് ഹെഡ് നീതു രവീന്ദ്രൻ എന്നിവരും ഉദ്ഘാടന ചടങ്ങിന്റെ ഭാഗമായി.

പ്രദേശത്തെ വ്യക്തിഗത ഉപഭോക്താക്കൾക്കും ബിസിനസ് സ്ഥാപനങ്ങൾക്കും സൗത്ത് ഇന്ത്യൻ ബാങ്കിന്റെ റീട്ടെയിൽ, ബിസിനസ് ബാങ്കിംഗ് സേവനങ്ങൾ കൂടുതൽ എളുപ്പത്തിലും കാര്യക്ഷമമായും ലഭ്യമാക്കാൻ പുതിയ ബ്രാഞ്ച് സഹായിക്കും. പ്രദേശവാസികളുമായും വ്യാപാരവ്യവസായ സമൂഹവുമായും വർഷങ്ങളായി തുടരുന്ന ബന്ധം കൂടുതൽ ദൃഢമാക്കുന്നതിനും നഗരത്തിലെ ബാങ്കിംഗ് സാന്നിധ്യം കൂടുതൽ ശക്തമാക്കുന്നതിനുമുള്ള ബാങ്കിന്റെ പ്രതിബദ്ധതയുടെ ഭാഗമായാണ് ഈ സ്ഥലംമാറ്റം.

ഇതോടൊപ്പം വിവിധ റീട്ടെയിൽ വായ്പകൾക്ക് പ്രത്യേക ഉദ്ഘാടന ഓഫറുകളും ലഭ്യമാണ്. ബാങ്കിന്റെ ഉപഭോക്താക്കളും അഭ്യുദയകാംക്ഷികളും ഉദ്ഘാടന ചടങ്ങിന്റെ ഭാഗമായി.

# എംജി ഡെവലപ്പർ പ്രോഗ്രാം സീസൺ 6 ലെ വിജയികളെ പ്രഖ്യാപിച്ചു

**കൊച്ചി:** ജെഎസ്ഡബ്ല്യൂ എംജി മോട്ടോർ ഇന്ത്യ തങ്ങളുടെ പ്രമുഖ സ്റ്റാർട്ടപ്പ് പങ്കാളിത്ത സംരംഭമായ എംജി ഡെവലപ്പർ പ്രോഗ്രാമിന്റെ ആറാം പതിപ്പിലെ വിജയികളെ പ്രഖ്യാപിച്ചു. ഓട്ടോമോട്ടീവ് മേഖലയിലെ നവീകരണം എന്ന പ്രമേയത്തിന് കീഴിൽ നടന്ന ഈ പതിപ്പിൽ രാജ്യത്തിലുടനീളമുള്ള സ്റ്റാർട്ടപ്പുകളിൽ നിന്ന് 130ലധികം അപേക്ഷകൾ ലഭിച്ചു. വിവിധ ഘട്ടങ്ങളിലായി നടന്ന മൂല്യനിർണയത്തിനൊടുവിൽ നയൻ ടെക്നോളജീസ്, ടെക്നോസ്8.എഐഐ, ലൈവ് എൻസെൻസ്, എൽ.ഡബ്ല്യൂ.3, സ്മാർട്ട്ബ്രാൻഡ് ബൈ അക്വിങ്ക് സൊല്യൂഷൻസ്, ഫിറ്റ്സോൾ, കോട്ടിയോ, മെറ്റാ മെറ്റീരിയൽസ് സർക്കുലർ മാർക്കറ്റ് എന്നീ എട്ട് സ്റ്റാർട്ടപ്പുകളെ വിജയികളായി തിരഞ്ഞെടുത്തു. കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകൾ, വ്യവസായ പങ്കാളികൾ എന്നിവരുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

നവീകരണവും ആർട്ടിഫിഷ്യൽ ഇന്റലിജൻസും അധിഷ്ഠിതമായിയുള്ള പരിഹാരങ്ങളിലൂടെ മൊബിലിറ്റി, നിർമാണം, സുസ്ഥിര വികസനം, വിതരണ ശൃംഖല, ഉപഭോക്തൃ അനുഭവം തുടങ്ങിയ മേഖലകളിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ ലക്ഷ്യമിട്ടാണ് ഈ പദ്ധതി സംഘടിപ്പിച്ചത്.




വിജയികളായ സ്റ്റാർട്ടപ്പുകൾ വരും മാസങ്ങളിൽ ജെഎസ്ഡബ്ല്യൂ എംജി മോട്ടോർ ഇന്ത്യയുമായും തങ്ങളുടെ ഇക്കോസിസ്റ്റം പങ്കാളികളുമായും ചേർന്ന് പൈലറ്റ് പദ്ധതികളിലും യഥാർത്ഥ സാഹചര്യങ്ങളിലെ സാങ്കേതിക വിന്യാസത്തിലും പ്രവർത്തിക്കും. നിർമിച്ചെടുക്കുന്ന നവീനാശയങ്ങൾ യഥാർത്ഥ ലോകത്ത് പ്രയോഗിക്കാനും വിപുലീകരിക്കാനും സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ മികച്ച വേദി ഒരുക്കുകയാണ് കമ്പനി ഇതിലൂടെ ചെയ്യുന്നത്.

2019ൽ ആരംഭിച്ചതുമുതൽ രാജ്യത്തെ മൊബിലിറ്റി മേഖലയിൽ നവീകരണം പ്രോത്സാഹിപ്പിക്കുന്ന പ്രധാന സംരംഭമായി ഈ പ്രോഗ്രാം മാറിയിട്ടുണ്ട്. ഇതുവരെ കണക്റ്റഡ് മൊബിലിറ്റി, ഇലക്ട്രിക് വാഹനങ്ങൾ, കൃത്രിമബുദ്ധി, സുസ്ഥിര വികസനം എന്നീ മേഖലകളിൽ നിന്നായി 1,680ലധികം സ്റ്റാർട്ടപ്പ് അപേക്ഷകൾ ഈ പരിപാടിക്ക് ലഭിച്ചിട്ടുണ്ട്. വ്യവസായ വൈദഗ്ധ്യവും യഥാർത്ഥ ബിസിനസ് വെല്ലുവിളികളും സാങ്കേതിക വിദഗ്ദ്ധരുമായി ബന്ധിപ്പിക്കുന്നതിലൂടെ പുതിയ പരിഹാരങ്ങൾ പരീക്ഷിച്ച് ഉറപ്പുവരുത്താൻ സ്റ്റാർട്ടപ്പുകളെ സഹായിക്കുകയും, തദ്ദേശീയമായ സാങ്കേതിക വികസനത്തിന് വേഗം കൂട്ടുകയും ചെയ്യുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

# 20,000 വനിതാ അഡ്വൈസർമാരെ നിയമിക്കാൻ ഐസിഐസിഐ

**കൊച്ചി:** നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി, 2027 സാമ്പത്തിക വർഷാവസാനത്തോടെ രാജ്യത്തുടനീളം 20,000 വനിതാ അഡ്വൈസർമാരെ നിയമിക്കുമെന്ന് ഐസിഐസിഐ ലൈഫ് ഇൻഷുറൻസ് പ്രഖ്യാപിച്ചു. മുൻകൂർ നിക്ഷേപമില്ലാതെ വീട്ടമ്മമാർക്കും പ്രൊഫഷണലുകൾക്കും സംരംഭകർക്കും സ്വന്തം സൗകര്യത്തിനനുസരിച്ച് ജോലി ചെയ്യാനും സാമ്പത്തിക സ്വാതന്ത്ര്യം നേടാനും അവസരമൊരുക്കുന്ന 'നാരിശക്തി' സംരംഭത്തിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചാണ് ഈ പ്രഖ്യാപനം.

നിലവിൽ കമ്പനിയിലുള്ള 78,000ത്തിലധികം വനിതാ അഡ്വൈസർമാർ ഏജൻസി ബിസിനസിന്റെ 45 ശതമാനവും സംഭാവന ചെയ്യുന്നുണ്ട്. കേരളം, മുംബൈ, ബംഗളൂരു തുടങ്ങിയ മേഖലകളിൽ ഇവരുടെ ബിസിനസ് വിഹിതം 50 ശതമാനത്തിലധികമാണ്. വനിതാ അഡ്വൈസർമാരുടെ സഹാനുഭൂതിയും മികച്ച പ്രവർത്തനമികവും 2047ഓടെ എല്ലാവർക്കും ഇൻഷുറൻസ് എന്ന കാഴ്ചപ്പാട് യാഥാർഥ്യമാക്കാൻ സഹായകമാകുമെന്നും, കൂടുതൽ വനിതകളെ ഈ മേഖലയിലേക്ക് സ്വാഗതം ചെയ്യാൻ നവരാത്രി ഏറ്റവും അനുയോജ്യമായ അവസരമാണെന്നും കമ്പനി വ്യക്തമാക്കി.

# ബെസ്പോക്ക് എ.ഐ. ഗൃഹോപകരണങ്ങൾക്ക് ദീപാവലി ഓഫറുകളുമായി സാംസങ്

**ഗുരുഗ്രാം:** ദീപാവലിയോടനുബന്ധിച്ച് ബെസ്പോക്ക് എ.ഐ. ഗൃഹോപകരണങ്ങളുടെ ശ്രേണിയിൽ ആകർഷകമായ ഓഫറുകൾ പ്രഖ്യാപിച്ച് സാംസങ് ഇന്ത്യ. തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾ വാങ്ങുന്നവർക്ക് 20,000 രൂപ വരെ ക്യാഷ്ബാക്ക്, 888 രൂപ മുതൽ കുറഞ്ഞ പ്രതിമാസ തവണകൾ (ഇഎംഐ), സീറോ ഡൗൺ പേയ്മെന്റ് എന്നിവ ലഭിക്കും. സാംസങ് ഫിനാൻസ് പ്ലസ് വഴിയുള്ള എളുപ്പത്തിലുള്ള ധനസഹായവും ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുത്താം.

സാംസങ് കെയർ പ്ലസ് വഴി ഒരു വർഷത്തെ വാറന്റി വാങ്ങുന്നവർക്ക് നിബന്ധനകൾക്ക് വിധേയമായി മൂന്ന് വർഷം വരെ അധിക വാറന്റിയും സൗജന്യമായി ലഭിക്കും. ബെസ്പോക്ക് എ.ഐ. ഡിജിറ്റൽ ഗൃഹോപകരണങ്ങൾക്കായി 'ട്രിപ്പിൾ സീറോ' ഓഫറും കമ്പനി അവതരിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ ആറ് മുതൽ പത്ത് മാസം വരെയുള്ള കാലാവധിയിൽ സീറോ ഡൗൺ പേയ്മെന്റ്, സീറോ പ്രോസസ്സിങ് ഫീസ്, പലിശരഹിത ഇഎംഐ എന്നിവയുടെ ആനുകൂല്യം ലഭിക്കും. ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക്, എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ്, ടിവിഎസ് ക്രെഡിറ്റ് എന്നിവയുമായി സഹകരിച്ചാണ് ഈ ഓഫർ അവതരിപ്പിച്ചിരിക്കുന്നത്.

# ബന്ധൻ ഫ്ളെക്സി ക്യാപ് ഫണ്ട് ഇരുപത്തിയൊന്ന് വർഷങ്ങൾ പൂർത്തിയാക്കുന്നു

**കൊച്ചി:** വിപണിയിലെ മാറ്റങ്ങളെയും ചാക്രിക വ്യതിയാനങ്ങളെയും നേരിടാൻ ലക്ഷ്യമിട്ട് രൂപകൽപ്പന ചെയ്ത ബന്ധൻ ഫ്ലെക്സി ക്യാപ് ഫണ്ട് പ്രവർത്തനത്തിന്റെ ഇരുപത്തിയൊന്ന് വർഷങ്ങൾ പൂർത്തിയാക്കുന്നു. ഒരൊറ്റ നിക്ഷേപ ശൈലിയിലോ മുൻഗണനയിലോ മാത്രം ഒതുങ്ങിനിൽക്കാതെ, വൈവിധ്യവൽക്കരണവും പൊരുത്തപ്പെടാനുള്ള കഴിവും മുഖമുദ്രയാക്കിയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. വിപണിയുടെ വിവിധ ഘട്ടങ്ങളിൽ വ്യത്യസ്തമായ നിക്ഷേപ തന്ത്രങ്ങൾ മുൻപന്തിയിൽ എത്താറുണ്ടെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ്, കൃത്യമായ സന്തുലിതാവസ്ഥയോടെയാണ് ഫണ്ട് മുന്നോട്ടുപോകുന്നത്.

മൊമെന്റം, ഗുണനിലവാരം, മൂല്യം എന്നീ മൂന്ന് വ്യത്യസ്ത നിക്ഷേപ മേഖലകളെ സംയോജിപ്പിച്ചുകൊണ്ടാണ് ഈ തത്വം നടപ്പിലാക്കുന്നത്. ലാർജ്, മിഡ്, സ്മോൾ ക്യാപ് വിഭാഗങ്ങളിലെ ഓഹരികളുടെ പ്രകടനത്തിനനുസരിച്ച് നിക്ഷേപ വിഹിതം മാറ്റിയെടുക്കാനുള്ള പ്രത്യേക വഴക്കം ഈ ഫണ്ടിനുണ്ട്. വിപണിയിലെ അവസരങ്ങൾ എവിടെയാണോ അവിടെ കൃത്യമായി ഇടപെടാനും, മുൻകൂട്ടി നിശ്ചയിച്ച കർക്കശമായ നിയമങ്ങളെ അന്ധമായി പിന്തുടരുന്നതിന് പകരം സാഹചര്യങ്ങൾക്ക് അനുസരിച്ച് നിലപാട് മാറ്റാനുമുള്ള കഴിവ് ഇതിനെ കൂടുതൽ ശ്രദ്ധേയമാക്കുന്നു.

അമിതമായ റിസ്ക് എടുത്ത് ചുരുക്കം ചില കമ്പനികളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് പകരം, അച്ചടക്കത്തോടെയുള്ള വളർച്ചയിലൂടെ സുസ്ഥിരമായ സമ്പത്ത് സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇന്ത്യൻ ഇക്വിറ്റി വിപണി കൂടുതൽ പക്വത പ്രാപിക്കുന്ന ഈ കാലഘട്ടത്തിൽ, മുൻകൂട്ടി പ്രവചിക്കുന്നതിനേക്കാൾ സാഹചര്യം അനുസരിച്ച് പൊരുത്തപ്പെടാൻ കഴിയുന്ന മികച്ചൊരു നിക്ഷേപ മാർഗമാണിത്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com